**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1271** **07-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പാൽ, മുട്ട എന്നിവയുടെ ഉല്പപാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ, മുട്ട എന്നിവയുടെ നിലവിലെ ഉല്പാദനം എത്രയാണെന്നും സ്വയംപര്യാപ്തതയിലെത്തിക്കാൻ ഇവയുടെ ഉല്പപാദനം എത്രയായി വർദ്ധിപ്പിക്കണമെന്നും കണക്കാക്കിയിട്ടുണ്ടോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2021-22 വർഷത്തെ പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു.<br><br>പാൽ - 2532.46 (000ടൺസ് )<br><br>മുട്ട - 22300.80 (ലക്ഷം)<br><br>പാൽ, മുട്ട എന്നിവയുടെ ആവശ്യകത ചുവടെ ചേർക്കുന്നു.<br><br>പാൽ - 3350.88 (000ടൺസ്)<br><br>മുട്ട - 53614.12 (ലക്ഷം)<br><br>പാൽ, മുട്ട എന്നിവയുടെ ഉല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാൻ പാലിന്റെ ഉൽപ്പാദനം 818.42 (000ടൺ) ഉം മുട്ടയുടെ ഉൽപ്പാദനം 31313.32 ലക്ഷവും കൂടി വർദ്ധിപ്പിക്കേണ്ടതാണ്. |
| (ബി) | എങ്കിൽ ഇവയുടെ സ്വയംപര്യാപ്തത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മൃഗസംരക്ഷണ വകുപ്പ് പാൽ, മുട്ട എന്നിവയുടെ സ്വയംപര്യാപ്തത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മേൽത്തരം പാലുൽപ്പാദന ശേഷി കൂടിയ പശുക്കളെ കർഷകർക്ക് ലഭിക്കുന്നതിന് വേണ്ടി പശുക്കുട്ടികളെ വളർത്തുന്നതിനായി സബ്സിഡി നിരക്കിൽ കാലിത്തീറ്റയും അനുബന്ധ സേവനങ്ങളും നൽകി വരുന്നു. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 42,747കന്നുക്കുട്ടികളെ വളർത്തുന്നതിന് 47,98,06,101/- രൂപ ധനസഹായം നൽകി. |

2. പാലുൽപ്പാദനത്തെ ബാധിക്കുന്ന സാംക്രമിക രോഗമായ കുളമ്പ് രോഗത്തെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ കുളമ്പ് രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കി വരുന്നു.

3. മൃഗസംരക്ഷണ വകുപ്പിന്റെ ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഉപയോഗിച്ച് മൃഗചികിത്സക്കുള്ള മരുന്നുകൾ മൃഗാശുപത്രികളിൽ നല്കുന്നു.

4. കറവപ്പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് നല്കുന്നു.

5. കർഷകർക്ക് വീട്ടുപടിക്കൽ തന്നെ മൃഗചികിൽസ ലഭ്യമാക്കുവാൻ മൊബൈൽ വെറ്ററിനറി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ച് വരുന്നു.

6. വകുപ്പിലെ സർക്കാർ ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സർക്കാരിന്റെ അംഗീകാരമുള്ള എഗ്ഗർ നഴ്സറികൾ മുഖേന വളർത്തി 45 ദിവസം പ്രായമാകുമ്പോൾ LSG പദ്ധതി മുഖേനയും സർക്കാർ പദ്ധതികൾ വഴിയും ജനങ്ങൾക്ക് നൽകി മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നു.

സംസ്ഥാനത്ത് പാലുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്പ് മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, 'യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമയുടെ മേഖലായൂണിയനുകൾ പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പാലുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ഇതുമൂലം പാലുല്പാദനത്തിൽ സ്വയം

| | | | |
|---|---|---|---|
| | | | പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് എത്തുവാൻ സാധിക്കുന്നുണ്ട്. മലബാർ മേഖലയിൽ ഇപ്പോൾ ആവശ്യത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. സ്വന്തം ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റ് ദൗർലഭ്യമുള്ള മേഖലകളിലേക്ക് നൽകുന്നതുവഴി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.<br><br>കേരളത്തിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനുമായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പാഞ്ചായത്ത്തല 100 കോഴിയും കൂടും പദ്ധതി തുടങ്ങിയവ കെപ്കോ നടപ്പിലാക്കുന്ന പദ്ധതികളാണ്. ഈ പദ്ധതികളിലൂടെ കഴിഞ്ഞ 6 വർഷത്തിനുള്ളിൽ ഏകദേശം 80 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കെപ്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ